LIBRARY ARCHIVES Kerala Legislative Assembly

അവരവരുടെ വീടുകളിലേയ്ക്ക് തിരികെ പോയിട്ടുണ്ട്. കോവിഡ്-19-ന്റെ രണ്ടാം തരംഗത്തിന്റെയും ടൗട്ടേ ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലുണ്ടായ പേമാരിയുടെയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നല്കിയ കിറ്റിൽ മാസ്ക്, സാനിറ്റൈസർ എന്നിവ ഉൾപ്പെടുത്തിയിരുന്നു. തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് കോവിഡ് വാക്സിനേഷൻ നല്കുന്നതിന് മുൻഗണന നല്കുന്നതിനും ആവശ്യമായ അവബോധം ഉണ്ടാക്കുന്നതിനും ആരോഗ്യ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി ജില്ലാതലത്തിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്.

(സി) എങ്കിൽ വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്നവരെയും ഭാഗികമായി തകർന്ന് താമസയോഗ്യമല്ലാതായ വീടുകളിൽ കഴിയുന്നവരെയും പ്രതിമാസം പതിനായിരം രൂപ നിരക്കിൽ മുൻകൂർ വാടക നൽകി വാടക വീടുകളിലേയ്ക്ക് അടിയന്തരമായി മാറ്റി പുനരധിവസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

വീടുകൾ നഷ്ടപ്പെട്ടവർക്ക് റവന്യൂ വകുപ്പ് മുഖേനയാണ് നഷ്ടപരിഹാരം നല്കുന്നത്. എന്നിരുന്നാലും തീരദേശ മേഖലയിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരും വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുമായ എല്ലാ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനും 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി മാറ്റി പാർപ്പിച്ചുവരുന്നു.

തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പ്രതിസന്ധി

254 (560) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരന്തരമായ കടലാക്രമണവും കേന്ദ്രസർക്കാരിന്റെ തീരസംരക്ഷണ നിയമവുംമൂലം തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും

LIBRARY ARCHIVES Kerala Legislative Assembly

ഇതര വിഭാഗത്തിലുള്ളവരുടേയും സുരക്ഷിത ജീവിതത്തിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേന്ദ്ര സർക്കാരിന്റെ തീര സംരക്ഷണ നിയമം തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ ആശങ്കപ്പെടുത്തുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ താത്പര്യം സംരക്ഷിക്കാനുള്ള നിർദ്ദേശങ്ങൾ തീരമേഖല പരിപാലന പ്ലാനിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഇതുവരെ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ?

കേന്ദ്ര പരിസ്ഥിതി-വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ 18-1-2019-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപന പ്രകാരം തീരദേശ സംസ്ഥാനങ്ങൾ തീരമേഖല പരിപാലന പ്ലാൻ (Coastal Zone Management Plan(CZMP)) തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. ഇങ്ങനെ അംഗീകരിക്കപ്പെടുന്ന പ്ലാനിന്റെ (CZMP) അടിസ്ഥാനത്തിലായിരിക്കും തീരദേശ നിയന്ത്രണ മേഖലയുടെ വിവിധ വികസന പരിപാലന നടപടികൾ ക്രമീകരിക്കേണ്ടത്. ദേശീയ ഭൗമ പഠന കേന്ദ്രവും കേരള സംസ്ഥാന തീരപരിപാലന അതോറിറ്റിയും ചേർന്ന് സംസ്ഥാന CZMP-നും 9 തീരദേശ ജില്ലകളുടെയും കോട്ടയം ജില്ലയുടെയും ജില്ലാതല CZMP-നും തയ്യാറാക്കിയിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ പരിധിയിൽ വരുന്ന മത്സ്യത്തൊഴിലാളികളുടെയും മത്സ്യകർഷകരുടെയും ആവശ്യങ്ങൾ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ പാർപ്പിടം, പൊതു അടിസ്ഥാന സൗകര്യം, മത്സ്യകൃഷി, തൊഴിൽ എന്നിവ സംരക്ഷിക്കുന്ന തരത്തിൽ സംസ്ഥാന CZMP യിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും 10 അംഗ കമ്മിറ്റി രൂപീകരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(സി) മത്സ്യത്തൊഴിലാളികൾക്ക് സമീപ പ്രദേശങ്ങളിലും ഇതര വിഭാഗത്തിൽപ്പെട്ടവർക്ക് സൗകര്യപ്രദമായ മറ്റിടങ്ങളിലും പുനരധിവാസം ഒരുക്കുന്നതിന് ആലോചിക്കുന്നുണ്ടോ;എങ്കിൽ വെളിപ്പെടുത്താമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം

LIBRARY ARCHIVES Kerala Legislative Assembly

കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി നടപ്പാക്കിവരുന്നു. വ്യക്തിഗത ഗുണഭോക്താക്കൾക്ക് അവർ കണ്ടെത്തുന്ന സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനും സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഭൂമി കണ്ടെത്തി ഫ്ലാറ്റ് സമുച്ചയ നിർമ്മാണ പദ്ധതിയും വിഭാവനം ചെയ്യുന്നു. തീരദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ അപേക്ഷിച്ച് ഇതര വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കളുടെ എണ്ണം വളരെ കുറവാണ്. ഇതര വിഭാഗത്തിൽപ്പെടുന്നവർക്ക് അവരുടെ തൊഴിൽപരമായ സൗകര്യാർത്ഥം അവർ കണ്ടെത്തുന്ന സ്ഥലം വാങ്ങി ഭവനം നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതാണ്.

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതികൾ

255 (561) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ കടലാക്രമണത്തിന്റെ ഫലമായി മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധികളും വീടും നഷ്ടപ്പെടുന്നത് ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ, തീരപ്രദേശത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാനാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് പുനർഗേഹം. മേൽ പദ്ധതിക്ക് 2450 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 1398 കോടി രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. പുനർഗേഹം പദ്ധതിയുടെ സമയബന്ധിത പൂർത്തീകരണം ലക്ഷ്യമിട്ട് പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണത്തിന്റെ